# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.547 10/03/15-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക് | ശ്രീ. കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി |

### സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം

| ചോദ്യം | മറുപടി |
|---|---|
| (എ)<br>സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം നിലവിൽ എത്ര ശതമാനമാണ്; 2011-12 മുതൽ 2014-15 വർഷം വരെ ഓരോ വർഷവും എത്ര തുക വീതം കേന്ദ്ര നികുതി വിഹിതം ഇനത്തിൽ ലഭിക്കുകയുണ്ടായി; ഓരോ വർഷവും ലഭിച്ച തുക എത്ര കോടി വീതമായിരുന്നു | കേന്ദ്ര തനതു നികുതി വരുമാനത്തിന്റെ 32% ആണ് നിലവിൽ സംസ്ഥാനങ്ങൾക്കായി ശുപാർശ ചെയ്തിട്ടുള്ളത്. ഇതിൽ കേരളത്തിന്റെ വിഹിതം 2.341% ആണ്.<br>2011-12 - 5990.36 കോടി രൂപ<br>2012-13 - 6840.65 കോടി രൂപ<br>2013-14- 7468.68 കോടി രൂപ<br>2014-15- 7328.24 കോടി രൂപ (2/03/2015 വരെ) |
| (ബി)<br>പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശയിന്മേൽ കേന്ദ്ര ഗവൺമെന്റ് എടുത്ത തീരുമാനത്തിന്റെയടിസ്ഥാനത്തിൽ, സംസ്ഥാനത്തിന് ലഭിക്കുമെന്ന് കരുതുന്ന കേന്ദ്ര നികുതി വിഹിതം എത്ര ശതമാനമാണ്; അപ്രകാരം 2015-16 വർഷത്തിൽ ലഭിക്കുമെന്ന് കരുതാവുന്ന കേന്ദ്ര നികുതി വിഹിതം എത്ര കോടിയായിരിക്കും; | പതിനാലാം ധനകാര്യ കമ്മീഷൻ ശുപാർശയിന്മേൽ കേന്ദ്ര ഗവൺമെന്റ് എടുത്ത തീരുമാനത്തിന്റെയടിസ്ഥാനത്തിൽ, സംസ്ഥാനത്തിന് ലഭിക്കുമെന്ന് കരുതുന്ന കേന്ദ്ര നികുതി വിഹിതം 2.50 % (സർവ്വീസ് നികുതി ഒഴികെ) കൂടാതെ സർവ്വീസ് നികുതിയുടെ 2.526 % വും കേരളത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം കേന്ദ്ര നികുതി വിഹിതമായി 13121.77 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി)<br>ജി. എസ്. ടി. നടപ്പിലാക്കുമ്പോഴുണ്ടാകുന്ന 2015-16 ലെ നഷ്ടം എത്ര കോടിയായിരിക്കുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ? | കേരളം ഒരു ഉപഭോക്തൃ സംസ്ഥാനം ആയതിനാലും GST ഒരു Destination based നികുതി ഘടന ആയതിനാലും കേരളത്തിന് ഗുണകരമാണെന്നാണ് നിഗമനം. ആയതിനാൽ GST നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് നികുതി നഷ്ടം ഉണ്ടാകാൻ സാധ്യതയില്ല. നഷ്ടമുണ്ടായാൽ, ആദ്യത്തെ 5 വർഷത്തേക്ക് നഷ്ട പരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥ കേന്ദ്ര സർക്കാർ 122 ആം ഭരണഘടനാ ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ